പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3367      21.12.2012-ലെ മറുപടിയ്ക്ക്

## "ഹോർട്ടികോർപ്പിന്റെ പ്രവർത്തനം"

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ്: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇല്ല. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം 9 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,ആലപ്പുഴ,കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ)ഏകദേശം പൂർണ്ണമായും വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഭാഗീകമായി പ്രവർത്തനം നടക്കുന്ന മൂന്നു ജില്ലകളിൽ (ഇടുക്കി, പാലക്കാട്, വയനാട്) പഴം-പച്ചക്കറികളുടെ സംഭരണം നടക്കുന്നുണ്ട്. |
| (ബി) എല്ലാ ജനങ്ങൾക്കും കാർഷിക വിഭവങ്ങൾ ലഭ്യമാക്കുന്നവിധം ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ നിലവിലുണ്ടോ; വിശദമാക്കുമോ; കാർഷിക വിഭവങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ടോ; | (ബി) കേരളത്തിലുടനീളം ഹോർട്ടികോർപ്പിന് മൊബൈൽയൂണിറ്റുകളടക്കം 132 ഔട്ട്ലെറ്റുകൾ ഉണ്ട്. കൂടുതൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുവാൻ 250 പുതിയ ഔട്ട് ലെറ്റുകൾ തുടങ്ങുന്നുണ്ട്. കേരളത്തിൽനിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, ആവശ്യം വരുന്ന പച്ചക്കറികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ട്. |
| (സി) ഹോർട്ടികോർപ്പും ഇന്ത്യൻ റെയിൽവേയും സഹകരിച്ച് ഹരിതകലവറ എന്ന പേരിൽ കേരളത്തിലെ കാർഷിക വിഭവങ്ങൾ ന്യൂഡൽഹിയിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തു തുക ഇതിനായി ചെലവായിട്ടുണ്ട്; വിശദമാക്കുമോ; | (സി) ഹോർട്ടികോർപ്പ് ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് ഹരിത കലവറ എന്ന പേരിൽ കാർഷിക വിഭവങ്ങൾ ന്യൂഡൽഹിയിൽ വിതരണം നടത്തുന്നുണ്ട്. ഹരിതകലവറ പദ്ധതിയുടെ നടത്തിപ്പിനായി പ്രാരംഭ നടപടികൾക്ക് വേണ്ടി 1,72,304/- രൂപ (ഒരു ലക്ഷത്തി എഴുപ |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായ കാർഷിക വിഭവങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയതിനുശേഷമാണോ മറ്റ് സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ ഹോർട്ടികോർപ്പ് തയ്യാറായത് ? | ത്തിരണ്ടായിരത്തി മുന്നൂറ്റിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.<br>(ഡി)ന്യൂ ഡൽഹിയിലും മറ്റും താമസിക്കുന്ന കേരളീയരുടെ അഭ്യർത്ഥനയും ആവശ്യവും പരിഗണിച്ചാണ് ഹരിതകലവറ പദ്ധതി ആരംഭിച്ചത്. കേരളത്തിലുൽപ്പാദിപ്പിക്കുന്ന നാടൻ കാർഷിക വിഭവങ്ങൾ മാത്രമാണ് കയറ്റി അയക്കുന്നത്. ഈ ഉൽപ്പന്നങ്ങളിൽ മിക്കവയും സംസ്ഥാനത്ത് ആവശ്യമുള്ളതിലെക്കാൾ അധികം ഉല്പാദനം ഉള്ളവയാണ്. ടി പദ്ധതിയിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനും മറുനാടൻ മലയാളികൾക്ക് കേരളത്തിൻെറ തനത് കാർഷിക വിഭവങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.